**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ പാത്ത്‌വേ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. രാജ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ കരിക്കുലം പ്രകാരമുള്ള ബിരുദ പ്രോഗ്രാമുകളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കോഴ്സുകളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഹോണേഴ്സ് ബിരുദം/ ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള നാലുവർഷ ബിരുദപ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. വിദേശ സർവകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും/ കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.<br><br>ഫൗണ്ടേഷൻ (foundation courses), മേജർ (major)/ മൈനർ (minor), ക്യാപ്സ്റ്റോൺ കോഴ്സുകൾ (capstone course) എന്നിങ്ങനെ മൂന്നു വിഭാഗത്തിലുള്ള കോഴ്സുകൾ അടങ്ങിയതാണ് നാലുവർഷ ബിരുദ പ്രോഗ്രാം. |
| (ബി) | വിവിധ വിഷയമേഖലകളിൽ അടിസ്ഥാനപരമായ അറിവുനേടാൻ ഉതകുന്ന കോഴ്സുകൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിലാണ് അവ ലഭ്യമാകുന്നതെന്ന് അറിയിക്കുമോ; | (ബി) | വിവിധ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടാനുള്ളവയാണ് ഫൗണ്ടേഷൻ കോഴ്സുകൾ. ഇവ ആദ്യത്തെ രണ്ട് വർഷങ്ങളിലായി പഠിച്ചിരിക്കണം.<br><br>**ഫൗണ്ടേഷൻ കോഴ്സുകൾ (foundation courses) :**<br><br>1. എബിലിറ്റി എൻഹാൻസ്മെൻറ് കോഴ്സുകൾ (AEC)<br><br>2. സ്കിൽ എൻഹാൻസ്മെൻറ് കോഴ്സുകൾ (SEC)<br><br>3. വാല്യൂ അഡ്ഡീഷൻ കോഴ്സുകൾ (VAC)<br><br>4. മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ (MDC)<br><br>സിഗ്നേച്ചർ കോഴ്സുകൾ |

| | | | |
|---|---|---|---|
| | | | ഇത് ബോർഡ് ഓഫ് സ്റ്റഡീസിന്റെയും അക്കാദമിക് കൗൺസിലിന്റെയും മുൻകൂർ അനുമതിയോടുകൂടി അതത് കോളേജുകളിലെ ഫാക്കൽറ്റികൾ രൂപകൽപ്പന ചെയ്ത് ഓഫർ ചെയ്യുന്ന കോഴ്സുകൾ ആണ്.<br><br><u>ഇന്റേൺഷിപ്പ്</u><br><br>നാലുവർഷ ബിരുദ പ്രോഗ്രാം തെരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്കൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇന്റേൺഷിപ്പ് പൂർത്തിയാക്കണം. |
| (സി) | തെരഞ്ഞെടുത്ത വിഷയമേഖലകളിൽ ആഴത്തിലുള്ള അറിവ് നേടുന്നതിനായി പാത്ത്‌വേ കോഴ്സുകൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സുകൾ എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ? | (സി) | ഡിഗ്രി പഠനത്തിനായി വിവിധ പാത്ത്‌വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത്‌വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത്‌വേകൾ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത്‌വേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത്‌വേയുടെ ഭാഗമാക്കാൻ കഴിയും. ഓരോ പാത്ത്‌വേകൾക്കകത്തും തനിക്കുവേണ്ട ബിരുദഘടന രൂപകല്പന ചെയ്യാവുന്ന സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.<br><br>നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾക്ക് രണ്ടു ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരം ഉണ്ട്. ഇത് പ്രകാരം രണ്ടു ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ